# നൈനാം കോണത്തേക്ക് 'ഭീകരവാദം' വരുന്ന വഴി

കമൽ സി.ചവറ

**ജനങ്ങളുടെ ജീവിതാനുഭവങ്ങളുമായി സംവേദിക്കാനും ദുർബലജനവിഭാഗത്തിനു തുണയാകുവാനും കക്ഷി രാഷ്ട്രീയത്തിനു കഴിയുന്ന ഒരവസ്ഥയ്ക്ക് ഇന്ന് മാറ്റം സംഭവിച്ചിരിക്കുന്നു. പ്രത്യയശാസ്ത്രം ഏത് എന്നതിനേക്കാൾ കണ്ണീർ, ദാരിദ്ര്യം, ചൂഷണം തുടങ്ങിയ പ്രത്യക്ഷ ജീവിത യാഥാർത്ഥ്യങ്ങളോട് അത് ആര് സത്യസന്ധമായും ആത്മാർത്ഥമായും പ്രതികരിക്കുന്നു എന്നതാണ് ജനതയെ കക്ഷിരാഷ്ട്രീയത്തിലേക്ക് അടുപ്പിക്കുന്നത്. പ്രത്യയശാസ്ത്രവും സിദ്ധാന്തങ്ങളുമല്ല, അനുഭവങ്ങളാണ് സാധാരണക്കാരനെ രാഷ്ട്രീയക്കാരനാക്കി മാറ്റുന്നത്. നിങ്ങളുടെ ജീവിതത്തിന്റെ ഭൂരിഭാഗം സമയവും പ്രത്യയശാസ്ത്ര സിദ്ധാന്ത തർക്കങ്ങളിലും എഴുത്തു പ്രസംഗ വേലകളിലും മാത്രം ഒതുങ്ങി സുന്ദരജീവിത പാശ്ചാത്തലങ്ങളിൽ കാറ്റുകൊണ്ടിരിക്കുകയെന്നത് ജനങ്ങളുടെ അനുഭവങ്ങളോട് ചെയ്യുന്ന കടുത്ത വഞ്ചനയാണ്. സാംസ്കാരിക പ്രവർത്തകരും ബുദ്ധിജീവികളും മുഖ്യധാരാ രാഷ്ട്രീയക്കാരും നൈനംകോണംപോലെ ഒരു പ്രധാന പ്രശ്നത്തിൽ ഇടപെടാതിരിക്കുന്നു എന്നതാണ് നൈനംകോണംപോലെയുള്ള പ്രദേശങ്ങളിലേക്ക് 'ഭീകരവാദം' കടന്നുവരാൻ വഴിയൊരുക്കി കൊടുത്തത്.**

**തിരുവനന്തപുരം നാവായിക്കുളത്തിനടുത്ത് നൈനംകോണം കോളനിയിൽ ഭൂസമരം നടക്കുന്നതറിഞ്ഞ് അന്വേഷിക്കാൻചെന്ന ലേഖകനെ രണ്ടുദിവസം ജയിലിൽ കിടക്കേണ്ടിവന്ന അനുഭവത്തിന്റേയും തുടർന്ന് ബോധ്യപ്പെട്ട യാഥാർത്ഥ്യങ്ങളുടെ പാശ്ചാത്തലത്തിലുമാണ് ഈ കുറിപ്പ്.**

**അതിദാരുണവും** ക്രൂരവും മനുഷ്യത്വരഹിതവുമായ ഒരു ചൂഷണ പ്രവർത്തനമാണ് കോളനിയിൽ നടന്നത്. പൊതുവേ ദരിദ്രരും ദളിതരും നിരക്ഷരരുമായ കോളനിനിവാസികളെ അവർ വർഷങ്ങളായി ജീവിച്ചുവന്ന മണ്ണിൽനിന്നും തൂത്തെറിയുകയും തുടർന്ന് നടന്ന ജീവിത ആഭാസങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്ത ചാലാ മോഹനൻനായരും യൂസഫും മാന്യന്മാരായും ഇതിനെ ചോദ്യംചെയ്ത സാമൂഹിക പ്രവർത്തകർ തീവ്രവാദികളായി തീരുകയും ചെയ്യുക, അതിനെ കേരളത്തിലെ വിവാദ തല്പരരായ സാംസ്കാരിക നായകന്മാർ ചോദ്യം ചെയ്യാതിരിക്കുക തുടങ്ങിയ യാഥാർത്ഥ്യങ്ങൾ കേരളത്തിന്റെ ബുദ്ധിജീവി ജാഡകളെവരെ കുറ്റവാളികളാക്കി തീർക്കുന്നു. ആരാണ് തീവ്രവാദികൾ, ആരാണ് ഭീകരവാദികൾ? തുടങ്ങിയവ തീരുമാനിക്കപ്പെടേണ്ടതുണ്ട്. 'പോരാട്ടം' എന്ന ഒരു പ്രസ്ഥാനവും പ്രവർത്തകരും പങ്കെടുത്തുവെന്നത് 'തീവ്രവാദ' നാടക സംവിധായകർക്ക് എളുപ്പവഴി നേടിക്കൊടുത്തു. 'പോരാട്ട'ത്തിന്റെ ചരിത്രപരമായ നക്സൽബന്ധം, സായുധവിപ്ലവത്തെക്കുറിച്ച് വളരെ ഗൗരവത്തോടെ ചിന്തിക്കുന്നുവെന്നത് തീവ്രവാദികൾ എന്ന മുദ്രകുത്തലിനും ആ പ്രദേശത്ത് വന്നെത്തുന്നവരെ മുഴുവൻ ജയിലിൽ അടപ്പിക്കാനും എളുപ്പവഴികളാക്കി അവർ മാറ്റി. ഇതൊരു ഉപയോഗപ്പെടുത്തലായിരുന്നു. ജനകീയ സമരമുറകളാണ് നൈനംകോണം കോളനിയിൽ നടന്നത്. ഈ സമരങ്ങളെ അക്രമമാക്കി തീർത്ത് അതിന്റെ മറവിൽ 'തീവ്രവാദ' ആരോപണം രൂപപ്പെടുത്താനുള്ള മുതലാളിമാരുടെ ശ്രമം വിജയിക്കുകയും ചെയ്തു. കോളനിക്ക് പുറത്തും അകത്തും ഇത്തരം ഒരന്തരീക്ഷം അവർക്ക് രൂപപ്പെടുത്താൻ കഴിഞ്ഞു.

അക്രമസമരമാർഗ്ഗം ഞങ്ങൾക്ക് ആവശ്യമില്ലെന്ന് കോളനിയിലെ മുഴുവൻ ജനങ്ങളും ഉറക്കെ പറയുന്നു. ഈ ജനങ്ങളെ സംഘടിപ്പിച്ച് സമരപരിപാടിക്ക് നേതൃത്വം കൊടുത്തത് പോരാട്ടം മാത്രമല്ല. സുരക്ഷിതമല്ലാത്ത സ്ഥലങ്ങളിൽ സാമൂഹ്യപ്രവർത്തനം നടത്താൻ ഇനിയും മടിയില്ലാത്ത കുറെയധികം പ്രവർത്തകർ അവിടെയെത്തി. യുക്തിവാദി സംഘത്തിന്റെ പ്രവർത്തകർ പൗരാവകാശ സംഘടനയായ പി.യു.സി.എൽ., സ്ത്രീവേദി തുടങ്ങി നിരവധി സമാന്തര സംഘടനകളുടെയും സി.പി.എമ്മിന്റേയും പ്രവർത്തകരുടെ സാന്നിദ്ധ്യത്തിലാണ് ഒമ്പതാം തീയതിയിലെ കൺവൻഷൻ നടന്നത്. എന്നാൽ, മുൻകരുതൽ തടങ്കലിന്റെ പേരിൽ കൺവെൻഷനിൽ പങ്കെടുത്തവരെയും പങ്കെടുക്കാൻ സാധ്യതയുള്ളവരെയും പോലീസ് അറസ്റ്റുചെയ്തു. അവിടെ ഏതെങ്കിലും വിധത്തിലുള്ള ഭീകരപ്രവർത്തനം നടന്നിട്ടുണ്ടെങ്കിൽ അതിന് നേതൃത്വം കൊടുത്തത് പോലീസുകാരാണ്. ഇത്തരം ഒരു തീവ്രവാദ അന്തരീക്ഷം ഒരുക്കിയെടുക്കേണ്ടത് മുതലാളിമാരുടെ ആവശ്യമായിരുന്നു. അതുകൊണ്ടുതന്നെയാണ് 'തീവ്രവാദികൾ' ആരെന്ന ചോദ്യം പ്രസക്തമാവുന്നത്.

ഈ 'തീവ്രവാദ' ആരോപണ നാടകം സത്യത്തിൽ യഥാർത്ഥ പ്രശ്നത്തെ മറച്ചുപിടിക്കാനും സാമൂഹ്യപ്രവർത്തകരെ വിഡ്ഢികളാക്കാനും വേണ്ടിയുള്ളതായിരുന്നു. അവിടെ നടന്ന ജനപീഡനശ്രമങ്ങളെ മാന്യമായ ചാലിൽ നടത്തിക്കൊണ്ടുപോകാൻ മുതലാളിമാർക്ക് ഈ നാടകം സഹായകമായി. അതിനെ പ്രധാനമായും കളമൊരുക്കിക്കൊ

ടുത്തത് മുഖ്യധാരാ രാഷ്ട്രീയ കക്ഷികളുടെയും സാംസ്കാരിക നായകരുടെയും നിശബ്ദതയാണ്. നൈനംകോണം കോളനിയെന്നത് മുത്തങ്ങപോലെ ഒരു സാംസ്കാരിക ഭൂമിശാസ്ത്ര രാഷ്ട്രീയ സാഹചര്യമുള്ള ഒരു സ്ഥലമല്ല. സി.പി.എമ്മിന്റേയും കോൺഗ്രസിന്റേയും മൂക്കിൻതുമ്പത്താണ് ഈ വൃത്തികേടുകൾ മുഴുവൻ അരങ്ങേറിയത്. ഇടപെടേണ്ട സ്ഥലത്ത് കൃത്യമായ നിലപാടുകളെടുക്കാതെ ഇടതുപക്ഷം ഉൾപ്പെടെയുള്ള മുഖ്യധാരാ രാഷ്ട്രീയകക്ഷികൾ ഇടപെട്ടവരെ തീവ്രവാദികളാക്കാൻ നടത്തിയ ശ്രമം മുതലാളിമാർക്ക് അനുകൂലമായി തീർന്നു.

ചാല മോഹനൻ നായരുടെ ഇടതുപക്ഷബന്ധം യൂസഫിന്റെ പോലീസ് സ്വാധീനം, എം.എൽ.എ. സ്ഥലം സന്ദർശിക്കാതിരുന്നത്, വാർഡുമെംബർ പ്രശ്നം കണ്ടില്ലെന്ന് നടിച്ചത് എല്ലാം ഒരു ജനതയെ ബോധപൂർവ്വം വഞ്ചിക്കാൻവേണ്ടി തന്നെയായിരുന്നു. കാരണം സാമൂഹിക രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകർ കൃത്യമായും ഇടപെടേണ്ട ഒരു പ്രദേശമായിരുന്നു നൈനംകോണം. ഭൂപരിഷ്കരണം നടപ്പിലാക്കിയ കേരളത്തിൽ 2005ൽ 20 കുടുംബങ്ങളെ ഒരു സബ്കോടതി വിധിയുടെ മാത്രം പിൻബലത്തിൽ ബുൾഡോസറുകൾ ഉപയോഗിച്ച് ഒഴിപ്പിച്ച് എന്നത് ഒരു നിസാരസംഭവമായി നോക്കികാണുന്നത്. മന:സാക്ഷി നശിച്ചതുകൊണ്ട് മാത്രമല്ല, മറിച്ച് പണത്തിനും സുഖലോലുപതയ്ക്കും രാഷ്ട്രീയ സാംസ്കാരിക മണ്ഡലം കീഴ്പ്പെട്ടുവെന്നതുകൊണ്ടാണ്.

നൈനംകോണം കോളനിയിൽ നടന്ന പ്രവർത്തനം ഹൃദയം തേങ്ങിയല്ലാതെ ഒരാൾക്കും നോക്കികാണാനാവില്ല. അവിടെ നടന്ന കോലാഹലങ്ങൾക്കും 'തീവ്രവാദ' നാടകശ്രമങ്ങൾക്കും ഇടയിൽ ഉത്തരം ഇല്ലാതെ ആയത് പാവപ്പെട്ട മനുഷ്യരുടെ കണ്ണീരിനും ദാരിദ്ര്യത്തിനും ആണ്. യഥാർത്ഥ കുടിയിറക്കു പ്രശ്നത്തിൽനിന്നും ജനശ്രദ്ധയും മാധ്യമശ്രദ്ധയും തിരിച്ചുവിടുന്നതിനും പ്രശ്നം മൂടിവെയ്ക്കുന്നതിനും മായിതീർന്ന നാടകങ്ങൾക്കുള്ളിൽ നിന്നും, പോലീസിന്റെ കപട ക്രമസമാധാന ബോധത്തിന്റെ തലച്ചോറിൽനിന്നും യൂസഫിന്റെയും ചാലാ മോഹനൻനായരുടെയും ആർത്തിപൂണ്ട ആമാശയത്തിൽനിന്നും, കുടിയിറക്കുന്ന ദൃശ്യംകണ്ട് മരിച്ച രാജൻ ചരുവിളയുടെ തകർന്ന ഹൃദയം സ്പന്ദിക്കുന്നത് കേൾക്കാം. ഈ സ്പന്ദനവും പ്രസവിച്ച് 10 ദിവസംപോലും തികയുന്നതിനുമുമ്പ് കുടിയിറക്കപ്പെട്ട അമ്മയുടെയും കുഞ്ഞിന്റെയും ദയനീയമുഖവും സിന്ധുവിന്റെ അസ്വസ്ഥമായ മനസ്സും ഇതൊക്കെ ചേർന്ന് രൂപപ്പെട്ട നൈനംകോണം കോളനിയുടെ അരക്ഷിതാവസ്ഥ, അനാഥത്വം ഇതൊന്നും നമുക്ക് പ്രശ്നമല്ലാതായിതീർന്നു. അനീതിക്കെതിരെ സംഘടിക്കാനും ജനാധിപത്യപരമായി സമരം ചെയ്യാനും അതിനോട് ഐക്യപ്പെടാനും ഏത് ജനവിഭാഗത്തിനും ഭരണഘടനാപരമായി അവകാശമുണ്ട്. സാമൂഹിക പ്രവർത്തകരെ കോളനിയിൽനിന്നും അടിച്ചോടിച്ച പോലീസ്, ഗുണ്ടകളെ ഇവിടെ സ്വസ്ഥമായി വിഹരിക്കാൻ അനുവദിച്ചു. സമൂഹമനസ്സിൽ ഉയർന്നേക്കാവുന്ന പ്രതികരണത്തെയും അനീതിക്കെതിരായ ശബ്ദങ്ങളെയും ഇത് നിശബ്ദമാക്കി. സാംസ്കാരിക നായകർ ഉൾപ്പെടെ ഈ തീവ്രവാദ പ്രചരണംകൊണ്ട് നിശബ്ദരായപ്പോൾ മുതലാളിമാർ അവസാന ഗോളും പോസ്റ്റിലേക്കടിക്കുകയായിരുന്നു.

മനുഷ്യാവകാശ ലംഘനങ്ങൾ നടത്തിയും കോളനിയിലെ ജനങ്ങളെ ഭിന്നിപ്പിച്ചും ജനാധിപത്യപരമായി പ്രതികരിച്ചവരെ തീവ്രവാദികളാക്കിയും സാമൂഹിക പ്രവർത്തകരെ ജയിലിലാക്കിയും 'നൈനംകോണം' ആഭാസനാടകം അരങ്ങേറിയപ്പോൾ അണിയറയിൽനിന്നും ഉയർന്നുകേട്ട പിറന്ന മണ്ണ് നഷ്ടപ്പെട്ടവരുടെ നിരക്ഷര രോദനങ്ങൾ നമ്മുടെ സാക്ഷര രാഷ്ട്രീയ സാംസ്കാരിക മാധ്യമ പ്രവർത്തകർ കേട്ടില്ല. അതുകൊണ്ട് സ്വന്തം മന:സാക്ഷിയെ മുൻനിർത്തി നമ്മുടെ മുഖ്യധാരാ രാഷ്ട്രീയ സാംസ്കാരിക നായകൻമാർ നൈനംകോണം പ്രശ്നത്തിൽ ഇടപെട്ടില്ലെങ്കിൽ ചരിത്രം അവരെ കുറ്റക്കാരെന്ന് വിധിക്കുമെന്നത് ഉറപ്പ്. 'നിയമഭരണം സാംസ്കാരിക കളികളൊന്നും വശമില്ലാത്ത കോളനിവാസികളുടെ തുച്ഛമായ ഭൂമി സ്വന്തമാക്കാൻ നടത്തിയവർക്കും കൂട്ടുനിന്നവർക്കും ചരിത്രം മാപ്പുകൊടുക്കില്ല.

സമ്പത്ത് പിടിച്ചടക്കാനുള്ള മനുഷ്യന്റെ വ്യഗ്രതയും അധികാരമോഹവും അവനെ ചുറ്റുപാടിനെയോ സഹജീവികളെയോ തിരിച്ചറിയാൻ കഴിയാത്തവിധം ക്രൂരൻമാരാക്കിയിരിക്കുന്നു. സുനാമി ദുരന്തസമയത്ത് കരുനാഗപ്പള്ളിക്കടുത്ത് അഴീക്കൽ പ്രദേശത്ത് സമ്പന്നരും ദരിദ്രരും ഒരുപോലെ ഒരു പൊതിച്ചോറിനു കേഴുന്ന കാഴ്ച നമ്മൾ കണ്ടതാണ്. അതുകൊണ്ട് താൻ പിടിച്ചടക്കുന്ന സാമ്രാജ്യങ്ങൾക്കും സമ്പത്തിനും ദരിദ്രവിഭാഗങ്ങൾ ഒറ്റപെടുന്ന സാഹചര്യത്തിൽ യാതൊരു അർത്ഥവും ഇല്ലെന്ന് മനുഷ്യൻ മനസ്സിലാക്കേണ്ടതുണ്ട്. അക്ബർ ചക്രവർത്തി ഈ ലോകം മുഴുവൻ പിടിച്ചടക്കിയെങ്കിലും മരണത്തിനുശേഷം തന്റെ മൃതശരീരം യാത്രയായി കൊണ്ടുപോകുമ്പോൾ ശവപ്പെട്ടിക്ക് പുറത്തേക്ക് കൈകൾ ഇട്ടിരിക്കണമെന്ന് അവസാന നാളുകളിൽ ആവശ്യപ്പെട്ടിരുന്നു. താൻ അവസാനം ഒന്നും കൊണ്ടുപോകുന്നില്ലായെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ വേണ്ടിയായിരുന്നു അത്.

നമ്മുടെ ജീവിതത്തിന്റെ ചുറ്റുപാടുകളിൽ ഉണ്ടാവേണ്ട ചെറുതെങ്കിലും വലുതായ സമീപനങ്ങൾക്കും സമരങ്ങൾക്കും ബോധ്യങ്ങൾക്കും ഈ കാലഘട്ടത്തിൽ പ്രാധാന്യമേറുന്നു. മാത്രമല്ല നമ്മുടെ രാഷ്ട്രീയ - സാംസ്കാരിക - സാമൂഹിക മേഖലയിൽ ആരാധിക്കപ്പെടുന്ന പല ബിംബങ്ങളും യഥാർത്ഥത്തിൽ മനുഷ്യരാഹിത്യത്തിന്റെ ഉത്തമ ഉദാഹരണങ്ങളാണെന്ന് ബോധ്യപ്പെട്ട് സമൂഹം ഇവരെ ഉപേക്ഷിക്കാനും തയ്യാറാവേണ്ടതുണ്ട്.

'സമീര' (സെന്റർ ഓഫ് ആർട്ട് സ്ട്രഗ്ളിംഗ്)
കാറൽമണ്ണ പി.ഒ., പാലക്കാട്.

**കേരളീയം**
**ഇവിടെ ലഭിക്കും.**

EARTH CARE
എർത്ത് കേർ

**പരിസ്ഥിതി സംബന്ധിച്ച ആശയങ്ങൾ,**
**പുസ്തകങ്ങൾ, നാട്ടുല്പന്നങ്ങൾ,**
**കരകൗശലങ്ങൾ,**
**ജൈവോല്പന്നങ്ങൾ കൈമാറ്റ-**
**ബന്ധപ്പെടലുകൾ എന്നിവയ്ക്കൊരിടം.**

ടി.സി. 4/1608, കെസ്റ്റൻ റോഡ്, ദേവസ്വം ബോർഡ് ജംഗ്ഷൻ,
തിരുവനന്തപുരം - 3. ഫോൺ : 9447674375